**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** | **12-02-2024 - ൽ മറുപടിയ്ക്ക്**

**നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | **ഗതാഗത നിയമലംഘനങ്ങളും കുറ്റകൃത്യങ്ങളും കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലകളിലെ വിവിധ പ്രദേശങ്ങളിലും സംസ്ഥാന അതിർത്തികളിലുൾപ്പെടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.** |
| (ബി) | ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും സ്ഥാപിക്കേണ്ട നിരീക്ഷണ ക്യാമറകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. വാഹനബാഹുല്യം ഉള്ള പ്രധാന വീഥികളിലും ജംഗ്ഷനുകളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിലുമാണ് (റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റ്, ടൂറിസ്റ്റ് കേന്ദ്രങ്ങൾ മുതലായവ) ആധുനിക സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സി.സി.ടി.വി ക്യാമറകൾ ഇപ്പോൾ സ്ഥാപിച്ചു വരുന്നുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വിശദമാക്കുമോ? | (സി) | വിവിധ വർഷങ്ങളിലെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ലഭ്യമാകുന്ന തുകയും, തദ്ദേശ സ്ഥാപനങ്ങളുടെയും, റസിഡൻസ് അസോസിയേഷനുകളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയും എം.പി./എം.എൽ.എ ഫണ്ടുകൾ വിനിയോഗിച്ചും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ